# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.227 | 27/02/2017 ൽ മറുപടിക്ക് |
|---|---|

## അഴിമതി നിർമ്മാർജ്ജനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.എം.സ്വരാജ്<br>ശ്രീ.വി.ജോയി | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനം അഴിമതി വിമുക്തമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പൊതുജന പങ്കാളിത്തത്തോടെയുള്ള അഴിമതി നിർമ്മാർജ്ജനത്തിന് വിജിലൻസ് വകുപ്പ് മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | പൊതുജന പങ്കാളിത്തത്തോടെയുള്ള അഴിമതി നിർമ്മാർജ്ജനത്തിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 'Arising Kerala', 'Whistle Now'എന്നീ രണ്ട് മൊബൈൽ ആപ്ലിക്കേഷനുകൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | അഴിമതി വെളിച്ചത്തു കൊണ്ടുവരുന്നവർക്ക് അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | അഴിമതി നിർമ്മാർജ്ജനത്തിനായി 'Whistle Blower's Award' ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പി.എസ്.സി. മുഖേന പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് സദ്ഭരണ പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലും പി.എസ്.സി. മുഖേന പുതുതായി ജോലിയിൽ പ്രവേശിക്കുന്നവരുൾപ്പെടെയുള്ളവർക്കും സദ്ഭരണ പരിശീലനം നൽകാൻ വിജിലൻസ് ഡയറക്ടർ തലത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതിയും കൈക്കൂലിയും സമ്പൂർണ്ണമായി അവസാനിപ്പിക്കുന്നതിനുവേണ്ടി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ പല പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരാതികളിന്മേൽ അന്വേഷണം, മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം, ഓഫീസ് സന്ദർശനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നുണ്ട്. സർക്കാർ ഓഫീസുകളിൽ കണ്ടുവരുന്ന അഴിമതി സംബന്ധമായ വിഷയങ്ങൾ പരിഹരിക്കുന്നതിനായി "കൺകറന്റ് വിജിലൻസ് " (Concurrent Vigilance) എന്ന പേരിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. ക്രിയേറ്റീവ് വിജിലൻസിന്റെ ഭാഗമായി ബെനിഫിറ്റ് ട്രാക്കിംഗ് ഓഡിറ്റ്, ഇൻപുട്ട് ട്രാക്കിംഗ് ഓഡിറ്റ്, കൺകറന്റ് വിജിലൻസ്, എൺവയോൺമെന്റ് റിസ്ക് വിജിലൻസ് എന്നിവ ഈ ബ്യൂറോ നടപ്പിലാക്കി വരുന്നു. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തന ചട്ടങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച "Lalithakumari Vs State of Uttarpradesh" എന്ന വിധിയുടെ അടിസ്ഥാനത്തിൽ സജ്ജമാണ്. "Zero tolerance to corruption" എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തിക്കുന്നു. അഴിമതി നിരോധന നിയമങ്ങളെപ്പറ്റിയും അഴിമതി തുടച്ചുനീക്കുന്നതിനു വേണ്ടിയുള്ള പ്രിവന്റീവ് വിജിലൻസ് (Preventive Vigilance) പ്രവർത്തനങ്ങൾക്കു വേണ്ടിയും ഇതര ജന വിഭാഗങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. സംസ്ഥാന സിവിൽ സർവ്വീസിലേയും സർക്കാർ ഇതര ഓഫീസുകളിലേയും ഉദ്യോഗസ്ഥർക്കും കുടുംബശ്രീ പ്രവർത്തകർക്കും വായനാ ശാലകൾ മുഖാന്തിരവും പൊതുജനങ്ങൾക്ക് പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചും ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. അഴിമതിയെപ്പറ്റി വിവരം നല്കുന്നതിനായി വിസിൽ ബ്ലോവർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. അഴിമതി

തുടച്ചുനീക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഭരണത്തിന്റെ സദ്ഫലങ്ങൾ ജനങ്ങളിൽ എത്തിക്കുവാനും സംതൃപ്തവും അതേസമയം കാര്യക്ഷമവുമായ സിവിൽ സർവ്വീസ് വാർത്തെടുക്കുന്നതിനുമായി "Zero tolerance to corruption" എന്ന നയത്തിന്റെ വിജയത്തിനാവശ്യമായ അഴിമതി ബോധവൽക്കരണം വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴിയും വളരെ ശക്തമായും വിപുലമായും സോഷ്യൽ മീഡിയയിലും പത്ര മാദ്ധ്യമ ചാനലുകളിലും നടത്തി വരുന്നുണ്ട്. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ആശുപത്രികളിലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തിപ്പിക്കുന്നതിനും സർക്കാർ സ്ഥാപനങ്ങളിൽ എത്തുന്ന പൊതുജനങ്ങളിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും അഭിപ്രായ സർവ്വേകൾ നടത്തി വിവരങ്ങൾ ശേഖരിച്ചും വരുന്നു.

സെക്ഷൻ ഓഫീസർ